പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1826 **26-10-2026-ൽ മറുപടിയ്ക്ക്**

വിദേശ കുടിയേറ്റത്തിനുള്ള ഏകജാലക സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിഷ്ണു മോഹൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) വിദേശത്തേക്ക് പോകുന്ന യുവജനങ്ങളുടെ സുരക്ഷയ്ക്കും യാത്രാചെലവിനും നൈപുണ്യ വികസനത്തിനും ഉൾപ്പെടെയുള്ള വായ്പാ തുക വർധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

മറുപടി: വിദേശത്ത് തൊഴിൽ നേടുന്നതിന് ആവശ്യമായ നൈപുണ്യ പരീശിലനം, വിദേശ യാത്രയ്ക്കുള്ള പ്രാരംഭ ചെലവുകൾ, വീസ സ്റ്റാമ്പിംഗ്, എച്ച് ആർ ഡി/എംബസി അറ്റസ്റ്റേഷൻ, എയർ ടിക്കറ്റുകൾ, വാക്സിനേഷൻ തുടങ്ങിയ ചെലവുകൾക്കായി 2 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന ശ്രുഭയാത്ര പദ്ധതി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ വായ്പ പരിധി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) യുവജനങ്ങൾ വിദേശത്തേക്ക് പോകുന്നതിന് മുൻപായി ആവശ്യമായ നൈപുണ്യ പരിശീലനം,ഭാഷാ പരിശീലനം,വിസാ പ്രോസസ്സിംഗ് തുടങ്ങിയ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഏകജാലക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

മറുപടി: നിലവിൽ പരിഗണനയിലില്ല.

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ വിദേശ തൊഴിൽ വാഗ്ദാനം ചെയ്ത് തട്ടിപ്പിനിരയായ മലയാളികളുടെ എണ്ണം എത്ര;ഇതുസംബന്ധിച്ച് നോർക്കയ്ക്ക് ലഭിച്ച പരാതികളുടെ എണ്ണം എത്ര;അതിൽ എത്ര പരാതികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്;തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയ സ്ഥാപനങ്ങളെയും വ്യക്തികളെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ, അത്തരം സ്ഥാപനങ്ങളെയും വ്യക്തികളെയും ഉൾപ്പെടുത്തി കരിമ്പട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ;

മറുപടി: 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിദേശ തൊഴിൽ വാഗ്ദാനം ചെയ്ത് തട്ടിപ്പിന് ഇരയായവരുമായി ബന്ധപ്പെട്ട പരാതികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. 2026-27 വർഷത്തിൽ നാളിതുവരെ ഇത്തരത്തിലുള്ള 373 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികൾ തുടർനടപടികൾക്കായി SP NRI Cell, Protector of Emigrants (PoE), ബന്ധപ്പെട്ട ഇന്ത്യൻ എംബസികൾ എന്നിവിടങ്ങളിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത ഏജൻസികളാണ് തുടർനടപടികൾ

സ്വീകരിക്കുന്നത് എന്നതിനാൽ, പരിഹരിച്ച പരാതികളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയ സ്ഥാപനങ്ങളെയും വ്യക്തികളെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് ബന്ധപ്പെട്ട കേന്ദ്ര അധികാരിയായ Protector of Emigrants (PoE)-ന്റെ പരിധിയിൽ വരുന്നതാണ്.

(ഡി) വിദ്യാർത്ഥി വിസയുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ തടയുന്നതിനും വിദേശ പഠനത്തിനായി പോകുന്ന വിദ്യാർത്ഥികൾക്ക് ശരിയായ വിവരങ്ങളും മാർഗനിർദേശങ്ങളും ലഭ്യമാക്കുന്നതിനുമായി സ്റ്റുഡന്റ് മൈഗ്രേഷൻ അഡ്വൈസറി സിസ്റ്റം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ;

<u>മറുപടി:</u> വിദേശ രാജ്യങ്ങളിലേക്ക് ഉപരിപഠനത്തിനായി പോകുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്ക് സുരക്ഷിതവും വിശ്വസനീയവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി കേരള സർക്കാർ നോർക്ക-റൂട്ട്സ് മുഖേന ആവിഷ്കരിച്ച പദ്ധതിയാണ് സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ. വിദേശത്ത് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി കേരളത്തിൽ ആദ്യമായി നടപ്പിലാക്കുന്ന ഒരു സർക്കാർ പിന്തുണയുള്ള മൈഗ്രേഷൻ അഡ്വൈസറി സംവിധാനമാണിത്. വിദ്യാർത്ഥികൾക്കുള്ള അക്കാദമിക, നിയമപരമായ, സാമ്പത്തിക, സാംസ്കാരിക മാർഗ്ഗനിർദ്ദേശങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഇത് സംയോജിപ്പിക്കുന്നു. ഒപ്പം നോർക്കയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പരാതി പരിഹാര സംവിധാനവും (Grievance Redressal System) ഇതിലൂടെ ഉറപ്പാക്കുന്നു. വിദ്യാർത്ഥികൾക്ക് പരാതികൾ സമർപ്പിക്കുന്നതിനും തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സംവിധാനവും ഇതിലുണ്ട്. സ്ഥിരീകരിച്ച തട്ടിപ്പുകളെക്കുറിച്ചും, നയപരമായ മാറ്റങ്ങളെക്കുറിച്ചുമുള്ള തത്സമയ മുന്നറിയിപ്പുകൾ നൽകാനും ഈ പോർട്ടൽ ലക്ഷ്യമിടുന്നു. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വിദേശപഠനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും, പോർട്ടലിന്റെ സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്.

(ഇ) വിദേശ തൊഴിൽ റിക്രൂട്ട്മെന്റിന് മുൻപ് റിക്രൂട്ടിങ് ഏജൻസിയുടെ അംഗീകാരവും ജോബ് ഓഫറിന്റെ യാഥാർത്ഥ്യവും പരിശോധിക്കുന്നതിനായി നോർക്ക മുഖേന നിർബന്ധിത വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദമാക്കുമോ?

<u>മറുപടി:</u> വിദേശ തൊഴിൽ റിക്രൂട്ടിങ് ഏജൻസികൾക്ക് അംഗീകാരം നൽകുന്നതും അവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള Protector of Emigrants (PoE) ആണ്.

റിക്രൂട്ടിങ് ഏജൻസിയുടെ അംഗീകാരവും ജോബ് ഓഫറിന്റെ യാഥാർത്ഥ്യവും പരിശോധിക്കുന്നതിന് നോർക്ക റൂട്ട്സ് മുഖേന നിർബന്ധിത വെരിഫിക്കേഷൻ സംവിധാനം നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ